മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) കൊട്ടങ്ങല്ലൂർ സ്കൂളിൽനിന്ന സ്ഥലംമാറ്റം ചെയ്തിട്ടില്ല. ബോർഡിൽനിന്ന പതിനെട്ടരയാളം സ്കൂളിൽ നിയമിച്ചിരുന്ന തുന്നൽ മിസ്ട്രസിനെ സ്ഥലംമാറ്റകയുണ്ടായിട്ടുണ്ട്. കുസ്ലാനിയെന്നകാരണംകൊണ്ടല്ല മാറ്റിയതു്. പതിനെട്ടരയാളം സ്കൂൾ തുന്നൽ മിസ്ട്രസിന്ന കൊട്ടങ്ങല്ലൂർ കോവിലകം സ്കൂളിൽ ആഴ്ചയിൽ രണ്ടുദിവസം ജോലിനോക്കേണ്ട തുണ്ടു്. കോവിലകത്തു സവർണ്ണഹിന്ദുക്കൾക്കുമാത്രമെ പ്രവേശിപ്പാൻ പാടുള്ളു. അതുകൊണ്ടു് അവരെ മാറ്റേണ്ടിവന്നു.

(ബി) & (സി) കൊട്ടങ്ങല്ലുക്കു് ആരേയും മാറ്റിയില്ല. പല്ലാറ്റ് മലയാളം സ്കൂളിലേക്കാണു് മാറ്റിയതു്. പല്ലാറ്റ് സ്കൂളിലെ തുന്നൽ മിസ്ട്രസ്സായ ഈ കല്യാണി അമ്മയെ ആണു് ആ സ്ഥാനത്തേക്കുമാറ്റിയതു്.

ARRACK SHOP—OPENING OF

285. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—

(എ) എറണാകുളം കാരിക്കാമുറി റോഡിൽ ഒരു ചാരായഷാപ്പു് പുതുതായി തുറന്നിട്ടുണ്ടൊ; (പുതിയ ഒരു സ്ഥലത്തു്)

(ബി) റോഡരികിൽതന്നെ ഷാപ്പുവെച്ചുകൊള്ളുന്നതിന്ന ഗവർമ്മെണ്ടിൽനിന്നും അനുവാദം നൽകിയിട്ടുണ്ടൊ;

(സി) ആവണി കഴിഞ്ഞാൽ പ്രസ്തുത റോഡിൽക്കൂടി സ്ത്രീകൾക്കും മറ്റും നിർഭയം യാത്ര ചെയ്യുവാൻ വിഷമം നേരിടുമെന്നു് ഗവർമ്മെണ്ടിന്നറിയാമൊ;

(ഡി) നാലുവശവും മുസ്ലീങ്ങളായ ജനങ്ങൾ താമസിക്കുന്നതിന്റെ മദ്ധ്യത്തിൽ ചാരായഷാപ്പു വന്നാലുള്ള വിഷമതകളെപ്പറ്റി ഗവർമ്മെണ്ടു് ആലോചിച്ചിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഉണ്ടായിരുന്നു. പക്ഷെ ഇപ്പോൾ ആ ഷാപ്പു് ടി സ്ഥലത്തുനിന്നും മാറ്റിയിട്ടുണ്ടു്.

(ബി) ഗവർമ്മെണ്ടിൽനിന്നും അനുവാദം നൽകിയിട്ടില്ല.

(സി) അക്കാം ഇതുവരെ തടസ്ഥം നേരിട്ടതായി അറിവില്ല.

(ഡി) ഈ വിഷമതകളും മനസ്സിലാക്കിയിട്ടാണു് ടി ഷാപ്പു് അവിടെനിന്നും മാറ്റി സ്ഥാപിച്ചതു്.

JURISDICTION IN THE COCHIN PORT

286. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) കൊച്ചി തുറമുഖത്തെ സിവിലും ക്രിമിനലും ആയ അധികാരം കൊച്ചി ഗവർമ്മെണ്ടിനുതന്നെയല്ലെ;

(ബി) അവിടെ ഉണ്ടാകുന്ന പണി മുടക്കുകളിലും തൊഴിൽ വിവാദങ്ങളിലും കൊച്ചി യുടെ ഇതര ഭാഗങ്ങളിലെന്നപോലെ അധികാരപൂർവ്വം ഇടപെടുന്നതിന്ന കൊച്ചിഗവർമ്മെണ്ടിന്ന അവകാശമില്ലെ;

(സി) ഈ അവകാശാധികാരങ്ങളും അടുത്തകാലത്തു കൊച്ചിതുറമുഖ ജോലികളിൽ ചില വകുപ്പുകളിലുണ്ടായ പണിമുടക്കിനെ സംബന്ധിച്ചു് പ്രയോഗിക്കുവാൻ ഗവർമ്മെണ്ടിന്ന സാധിച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അതെ.

(ബി) ഉണ്ടു്.

(സി) അധികാരം പ്രയോഗിക്കേണ്ടതായ സന്ദർഭം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly